എത്രയെന്നും ആയതിൽ നിയമനം നടത്തിയിട്ടുള്ളവ എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) 22-12-2008-ന് ശേഷം സർക്കാർ സ്കൂളുകളിൽ നിലവിൽ വന്നിട്ടുള്ള എച്ച്.എസ്.എസ്.റ്റി. സുവോളജി സീനിയർ തസ്തികകളുടെ ഒഴിവുകൾ എത്രയെന്നും ആയതിൽ നിയമനം നടത്തിയിട്ടുള്ളവ എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 123 ഒഴിവുകളിൽ 60 എണ്ണത്തിൽ നിയമനം നടത്തിയിട്ടുണ്ട്.

(ബി) 32 ഒഴിവുകൾ. എല്ലാറ്റിലും നിയമനം നടത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പ്രചരണാർത്ഥം കലാജാഥ

44 (2047) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പ്രചരണാർത്ഥം ഒരു കലാജാഥ സംഘടിപ്പിച്ചിട്ടുള്ളതായി അറിവുണ്ടോ ;

(ബി) എങ്കിൽ ഏത് ഏജൻസിയാണ് ഇതുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നതെന്ന് വിശദമാക്കുമോ ; ഇതിനുള്ള ചെലവുകൾ വഹിക്കുന്നത് ഏതു ഫണ്ടിൽ നിന്നാണ് ;

(സി) എസ്.എസ്.എ.ഫണ്ടിൽ നിന്നും ഇതിനുള്ള ചെലവുകൾ വഹിക്കുന്നുണ്ടെങ്കിൽ, കേന്ദ്ര മാനവവിഭവ ശേഷി മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം ഇത് അനുവദനീയമാണോ എന്ന് വ്യക്തമാക്കുമോ ; അത് സംബന്ധിച്ച നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) വ്യക്തമായ കേന്ദ്ര നിർദ്ദേശമില്ലാതെയാണ് ഈ പരിപാടിക്ക് ഫണ്ട് നൽകുന്നതെങ്കിൽ, പ്രസ്തുത നടപടിയിൽ നിന്നും പിന്മാറാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്.എസ്.എ.യുടെ ട്രെയിനർമാരും റിസോഴ്സ് അദ്ധ്യാപകരും 3 നാടക കലാകാരൻമാരും അടങ്ങുന്ന സംഘമാണ് ടി കലാജാഥ അവതരിപ്പിക്കുന്നത്. എസ്.എസ്.എ. പദ്ധതിയിലുള്ള കമ്മ്യൂണിറ്റി മൊബിലൈസേഷൻ ഫണ്ടിൽ നിന്നാണ് ഇതിനുള്ള ഫണ്ട് വിനിയോഗിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) വാർഷിക പദ്ധതി പ്രകാരം എസ്.എസ്.എ. യുടെയും വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും ലക്ഷ്യപ്രാപ്തിക്കായി ഇത്തരത്തിൽ ഫണ്ട് ചെലവഴിക്കുന്നത് തികച്ചും അനുവദനീയമാണ്. ഓരോ ഇടപെടൽ മേഖലയ്ക്കുമാണ് ഫണ്ട് വകയിരുത്തുന്നത്. ആ ലക്ഷ്യങ്ങൾ നേടാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടത് അതാതിടത്തെ എസ്.എസ്.എ. യൂണിറ്റുകളാണ്.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ

45 (2048) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം ആരംഭിച്ചതെന്നാണ് ;

(ബി) ഈ സ്ഥാപനത്തിൽ 1-6-2005-ൽ എത്ര ജീവനക്കാരുണ്ടായിരുന്നു ; സ്ഥിരം ജീവനക്കാരെത്ര ; താൽക്കാലിക ജീവനക്കാരെത്ര ;

(സി) ചട്ടങ്ങൾ പ്രകാരം നിലവിലുള്ള നിയമന രീതി എന്താണെന്ന് വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേരെ പിരിച്ചു വിട്ടു ; എത്ര പേരെ പുതുതായി നിയമിച്ചു ;

(ഇ) പി.എസ്.സി. യുടെ അനുമതിയോടെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(എഫ്) പി.എസ്.സി.യുടെ അനുമതിയില്ലാതെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ജി) 31-12-2010-ൽ ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1968 സെപ്റ്റംബർ 16.

(ബി) 1-6-2005-ൽ 51 ജീവനക്കാർ ഉണ്ടായിരുന്ന ഭാഷാഇൻസ്റ്റിറ്റ്യൂട്ടിൽ 9 താൽക്കാലിക ജീവനക്കാരും, ഇൻസ്റ്റിറ്റ്യൂട്ടിലും വിജ്ഞാപന മുദ്രണം പ്രസ്സിലുമായി 42 ജീവനക്കാരുമാണുണ്ടായിരുന്നത്.

(സി) നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊണ്ട് 1999-ൽ ഉത്തവായി എങ്കിലും സ്പെഷ്യൽ റൂൾസ് അംഗീകരിച്ചിട്ടില്ലാത്തതിനാലും പബ്ലിക് സർവ്വീസസ് ആക്ടിന്റെ പരിധിയിൽ നിയമനങ്ങൾ ഉൾപ്പെടുത്താനുള്ള പ്രക്രിയ

LIBRARY ARCHIVES Kerala Legislative Assembly